(സി) ഉണ്ട്.

(ഡി) തദ്ദേശസ്വയംഭരണ വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കാവുന്നതാണ്.

ശുദ്ധജല വിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം

45 [3632] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടം വരെയെത്തിയെന്നറിയിക്കാമോ;

(ബി) ഈ പദ്ധതിക്ക് ആവശ്യമായ ചെക്ക് ഡാം ഭാരതപ്പുഴയിൽ നിർമ്മിക്കുന്നതിന് ടെണ്ടർ ചെയ്തിട്ടുണ്ടോ;

(സി) ഈ പദ്ധതി എന്ന് കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം മുനിസിപ്പാലിറ്റിക്കുവേണ്ടി എൽ.ഐ.സി. സഹായത്തോടെയുള്ള നഗര ശുദ്ധജല വിതരണ പദ്ധതിക്ക് 995 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും 1996 മാർച്ചിൽ നൽകിയിരുന്നു. ഈ പദ്ധതിയുടെ കിണറിന്റെയും പമ്പ് ഹൗസിന്റെയും പണി പൂർത്തീകരിച്ചു. 13 എം.എൽ.ഡി കപ്പാസിറ്റി ട്രീറ്റ്മെന്റ് പ്ലാന്റിന്റെ എൻ.ഐ.റ്റി. (Notice Inviting Tender) സൂക്ഷ്മ പരിശോധനയിലാണ്. പാലപ്പുറത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന ഉന്നത തല ജലസംഭരണിയുടെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. ചേരിക്കുന്നിൽ പണിയാനുദ്ദേശിക്കുന്ന ഭൂതല ജലസംഭരണിയുടെ ടെണ്ടർ സൂക്ഷ്മ പരിശോധനയിലാണ്. ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെ 2, 3, 4 സോണിലെ പ്രവൃത്തി പൂർത്തീകരിച്ചു. വിതരണ ശൃംഖലയുടെ 60% പണി പൂർത്തീകരിച്ചു.

(ബി) ഇല്ല.

(സി) ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരണമായി ഈ പദ്ധതി 2005 സെപ്തംബറിൽ ഭാഗീകമായും 2006 മാർച്ചിൽ പൂർണ്ണമായും കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

തരൂർ പഞ്ചായത്തിൽ വാട്ടർ അതോറിറ്റി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ

46 [3633] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം മണ്ഡലത്തിലെ തരൂർ പഞ്ചായത്തിൽ വാട്ടർ അതോറിറ്റി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ശുദ്ധജല വിതരണ പദ്ധതികളുടെ സ്തംഭനാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട എന്തെങ്കിലും വിജിലൻസ് കേസ്സ് നിലവിലുണ്ടോ;

(സി) എങ്കിൽ കേസ്സ് നിലനിർത്തിക്കൊണ്ടു തന്നെ പ്രവൃത്തി പുനരാരംഭിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കുഴൽമന്ദം മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ മറ്റേതെല്ലാം പദ്ധതികളാണ് ഗവൺമെന്റിന്റെ പരിഗണനയിലുള്ളതെന്നറിയിക്കാമോ;

(ഇ) ഇതിൽ എ.എസ്., എസ്.എസ്., ടെണ്ടർ നടപടികൾ ലഭിച്ചത് ഏതെല്ലാം വർക്കുകൾക്ക് എന്നും ഇനി ഏതെല്ലാം പ്രവർത്തികൾക്കാണ് എ.എസ്.-ഉം, എസ്.എസ്.-ഉം മറ്റും ലഭിക്കാത്തത് എന്നും വെളിപ്പെടുത്താമോ;

(എഫ്) പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ നടത്തിയ പ്രവർത്തികൾ ഏതെല്ലാം;

(ജി) ഡീറ്റെയിൽഡ് ഇൻവെസ്റ്റിഗേഷന് ശുപാർശ ചെയ്ത പ്രവൃത്തികൾ ഏതെല്ലാം?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ തടയണയുടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഒരു വിജിലൻസ് കേസ്സാണ് നിലവിലുള്ളത്. തടയണയുടെ പണി പുനരാരംഭിക്കാൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അനുമതി ലഭിച്ചിട്ടില്ല. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട ബാക്കി ഘടകങ്ങളായ ഉന്നതതല സംഭരണി, സെഡിമെന്റേഷൻ ടാങ്ക് മുതലായവയുടെ പണികൾ പുരോഗമിച്ചുവരുന്നു. കിണറിൽനിന്നും ടാങ്കിലേക്കുള്ള പമ്പിംഗ് മെയിൻ, വിതരണ ശൃംഖല മുതലായവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ഡി) എ.ആർ.പി., എൻ.സി./പി.സി. ഹാബിറ്റേഷനിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

1. കോട്ടായി ശുദ്ധജല വിതരണ പദ്ധതി
2. മാത്തൂർ ശുദ്ധജല വിതരണ പദ്ധതി
3. കുത്തനൂർ ശുദ്ധജല വിതരണ പദ്ധതി
4. കുഴൽമന്ദം ശുദ്ധജല വിതരണ പദ്ധതി

കേരള വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

1. തരൂർ പഞ്ചായത്തിലെ ചിറക്കോട് ശുദ്ധജല വിതരണ പദ്ധതി
2. കുഴൽമന്ദം പദ്ധതിക്കുവേണ്ടി ഗ്യാലറി നിർമ്മിക്കുന്ന പ്രവൃത്തി

LIBRARY ARCHIVES Kerala Legislative Assembly

കുഴൽമന്ദം മണ്ഡലത്തിൽ 2003-04-ലെ കേരള വികസന പദ്ധതിയിൽ പെടുത്തി ജില്ലാ പഞ്ചായത്തിൽനിന്നും ഡെപ്പോസിറ്റ് ലഭിച്ച പദ്ധതികൾ

1. കോട്ടായി പഞ്ചായത്തിലെ കുത്തലക്കാട് കുടിവെള്ള പദ്ധതി
2. കുഴൽമന്ദം കുടിവെള്ള പദ്ധതി
3. തേങ്കുറിശ്ശി പഞ്ചായത്തിനുവേണ്ടി പുതിയ ഗ്യാലറി നിർമ്മിക്കുന്ന പ്രവൃത്തി.
4. തേങ്കുറിശ്ശി പഞ്ചായത്തിലെ ഇരുട്ടോട് കുടിവെള്ള പദ്ധതി
5. തേങ്കുറിശ്ശി പഞ്ചായത്തിലെ പാറക്കോട് കുടിവെള്ള പദ്ധതി
6. കുത്തനൂർ പഞ്ചായത്തിലെ മാന്തോണി കുടിവെള്ള പദ്ധതി
7. കണ്ണാടി പഞ്ചായത്തിലെ പന്നിക്കോട് കുടിവെള്ള പദ്ധതി
8. തേങ്കുറിശ്ശി പഞ്ചായത്തിലെ ആനകുറ്റിപ്പാറ കുടിവെള്ള പദ്ധതി
9. കൊട്ടായി പഞ്ചായത്തിലെ നായ്ക്കത്തറ കുടിവെള്ള പദ്ധതി

(ഇ) ഇതിൽ എ.എസും., ടി.എസും. ലഭിച്ച് ടെണ്ടർ നടപടികൾ ആരംഭിച്ച പ്രവൃത്തികൾ

1. കോട്ടായി ശുദ്ധജല വിതരണ പദ്ധതി
2. മാത്തൂർ ശുദ്ധജല വിതരണ പദ്ധതി
3. തരൂർ പഞ്ചായത്തിലെ ചിറക്കോട് ശുദ്ധജല വിതരണ പദ്ധതി
4. കുഴൽമന്ദം പദ്ധതിക്കുവേണ്ടി ഗ്യാലറി നിർമ്മിക്കുന്ന പ്രവൃത്തി
5. കോട്ടായി പഞ്ചായത്തിലെ കുത്തലക്കാട് കുടിവെള്ള പദ്ധതി
6. കുഴൽമന്ദം കുടിവെള്ള പദ്ധതിക്കുവേണ്ടി പ്രഷർ ഫിൽട്ടർ സ്ഥാപിക്കുന്ന പ്രവൃത്തി
7. തേങ്കുറിശ്ശി പഞ്ചായത്തിലെ ഇരുട്ടോട് കുടിവെള്ള പദ്ധതി
8. തേങ്കുറിശ്ശി പഞ്ചായത്തിനുവേണ്ടി പുതിയ ഗ്യാലറി നിർമ്മിക്കുന്ന പ്രവൃത്തി
9. തേങ്കുറിശ്ശി പഞ്ചായത്തിലെ പാറക്കോട് കുടിവെള്ള പദ്ധതി
10. കണ്ണാടി പഞ്ചായത്തിലെ പന്നിക്കോട് കുടിവെള്ള പദ്ധതി
11. കുത്തനൂർ പഞ്ചായത്തിലെ മാന്തോണി കുടിവെള്ള പദ്ധതി
12. തേങ്കുറിശ്ശി പഞ്ചായത്തിലെ ആനകുറ്റിപ്പാറ കുടിവെള്ള പദ്ധതി
13. കൊട്ടായി പഞ്ചായത്തിലെ നായ്ക്കത്തറ കുടിവെള്ള പദ്ധതി

കുത്തനൂർ ശുദ്ധജല വിതരണ പദ്ധതി, കുഴൽമന്ദം ശുദ്ധജല വിതരണ പദ്ധതി എന്നീ പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 1. കോട്ടായി, മാത്തൂർ വില്ലേജിലേക്കുള്ള സി.എ.ആർ.ഡബ്ല്യു. എസ്.എസ്.

2. പെരിങ്ങോട്ടുകുറിശ്ശി, തരൂർ വില്ലേജ് ശുദ്ധജല വിതരണ പദ്ധതി–എൽ.ഐ.സി.

3. കുത്തനൂർ വില്ലേജിലേക്കുള്ള എ.ആർ.ഡബ്ല്യു.എസ്.എസ്.

4. കുഴൽമന്ദം I & II, കണ്ണാടി I, തെൻകുറിശ്ശി I & II വില്ലേജുകൾക്കുള്ള വാട്ടർ സപ്ലൈ സ്കീം.

5. തരൂർ II വില്ലേജിലേക്കുള്ള എ.ആർ.ഡബ്ല്യു.എസ്.എസ്.

(ജി) ഡീറ്റെയിൽസ് ഇൻവെസ്റ്റിഗേഷന് ശുപാർശ ചെയ്ത പ്രവൃത്തികൾ

1. കോട്ടായി & മാത്തൂർ വില്ലേജ് സി.എ.ആർ.ഡബ്ല്യു.എസ്.എസ്.

2. പെരിങ്ങോട്ടുകുറിശ്ശി & തരൂർ വില്ലേജ്–എൽ.ഐ.സി.

3. കുഴൽമന്ദം I & II, കണ്ണാടി I, തെൻകുറിശ്ശി I & II വില്ലേജുകൾ

4. തരൂർ I-ലേക്കുള്ള എ.ആർ.ഡബ്ല്യു.എസ്.എസ്.

ബാലുശ്ശേരി പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി

47 [3634] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതിയുടെ അനുബന്ധ വിപുലീകരണം സംബന്ധിച്ച് വാട്ടർ അതോറിറ്റി പുതിയ എന്തെങ്കിലും നിർദ്ദേശം പരിഗണിച്ചുവരുന്നുണ്ടോ;

(ബി) ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ കപ്പാസിറ്റി എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിയിൽനിന്ന് എത്ര പേർക്ക് ഗാർഹികവും കച്ചവടവും ആവശ്യത്തിന് കണക്ഷൻ നൽകിയിട്ടുണ്ട്;

(ഡി) ഈ പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് പരിശോധന നടത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാലുശ്ശേരി ശുദ്ധജല വിതരണ പദ്ധതിയുടെ കപ്പാസിറ്റി 0.15 എം.എൽ.ഡി.-യും കൊന്നംതോട്മല ശുദ്ധജല വിതരണ പദ്ധതിയുടെ കപ്പാസിറ്റി 0.05 എം.എൽ.ഡി.-യും എരമംഗലം കോളനി ശുദ്ധജല വിതരണ പദ്ധതിയുടെ കപ്പാസിറ്റി 0.15 എം.എൽ.ഡി.-യും തിയ്യച്ചാലിൽ ശുദ്ധജല വിതരണ പദ്ധതിയുടെ കപ്പാസിറ്റി 0.02 എം.എൽ.ഡി.-യുമാണ്.

LIBRARY ARCHIVES Kerala Legislative Assembly